# സ്വാതന്ത്ര്യത്തിന്റെ അറുപതാമാണ്ട്

**കുറിപ്പുകൾ ◆ നാസ്വിഹ്**

**നമ്മുടെ** രാജ്യം അറുപതാം സ്വാതന്ത്ര്യദിനമാഘോഷിക്കാനൊരുങ്ങുകയാണ്. നൂറ്റാണ്ടുകൾ നീണ്ട അധിനിവേശവിരുദ്ധ പോരാട്ടങ്ങളിലൂടെയാണ് ഇന്ത്യ സ്വാതന്ത്ര്യം നേടിയത്. പ്രമുഖ സ്വാതന്ത്ര്യസമരപോരാളികളുടേതിന് പുറമെ അറിയപ്പെടാത്ത അനേകായിരം പോരാളികളുടെ കൂടി ചോരയുടെയും വിയർപ്പിന്റെയും ഫലമാണ് നാം ഇന്ന് അനുഭവിക്കുന്നത്. നമ്മുടെ ഭരണാധികാരികളെ നമുക്കുതന്നെ തെരഞ്ഞെടുക്കാനും അവരുടെ തെറ്റായ നടപടികളെ വിമർശിക്കാനുമുള്ള സ്വാതന്ത്ര്യം ഏറെ വിലപ്പെട്ടതാണ്. പല രാജ്യക്കാർക്കും ഇന്നും അതൊരു സ്വപ്നം മാത്രമാണ്. നമ്മോടൊപ്പം സ്വാതന്ത്ര്യം നേടിയ മറ്റു രാജ്യങ്ങളേക്കാൾ ജനാധിപത്യത്തിലും ഭരണസ്ഥിരതയിലും ഇന്ത്യക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞതും അഭിമാനാർഹമായ നേട്ടം തന്നെ. പക്ഷേ, സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കുന്നതിലും സ്വതന്ത്ര ഇന്ത്യയെ സമഗ്രവും സന്തുലിതവുമായ പുരോഗതിയിലേക്ക് നയിക്കുന്നതിലും എത്രത്തോളം വിജയിക്കാനായി? ആഘോഷങ്ങൾക്കിടയിൽ ഇത്തരം ആത്മപരിശോധനകൾക്കും വലിയ പ്രസക്തിയുണ്ട്.

സ്വതന്ത്ര ഇന്ത്യയുടെ അറുപതു വർഷത്തെ പ്രയാണത്തിലേക്ക് കണ്ണോടിക്കുമ്പോൾ തികച്ചും വിരുദ്ധമായ രണ്ട് ചിത്രങ്ങളാണ് കാണാൻ കഴിയുക. ഒരു ഭാഗത്ത് സർവരംഗങ്ങളിലും മുന്നോട്ടു കുതിക്കുന്ന ഇന്ത്യ. ആണവശക്തിയായ, സർവായുധസജ്ജമായ, പ്രതിരോധത്തിന് നിത്യവും കോടികൾ ചെലവഴിച്ചുകൊണ്ടിരിക്കുന്ന കരുത്തുറ്റ രാഷ്ട്രം. അതിവേഗം വളരുന്ന ഒരു സാമ്പത്തികശക്തിയായാണ് ലോകം ഇന്ത്യയെ കാണുന്നത്. സാമ്പത്തിക വളർച്ചയുടെ ആകർഷകമായ കണക്കുകളും രൂപയുടെ മൂല്യം വർധിക്കുന്നതും ചൂണ്ടിക്കാട്ടി അരനൂറ്റാണ്ടിനുള്ളിൽ ഇന്ത്യ ലോകത്തെ രണ്ടാമത്തെ സാമ്പത്തികശക്തിയാകുമെന്നാണ് പ്രവചനം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വിദേശ മൂലധനത്തോടെയുള്ള വൻകിട പദ്ധതികൾ വ്യാപിക്കുന്നു. പ്രത്യേക സാമ്പത്തിക മേഖലകളും ഐ.ടി പാർക്കുകളും ഹൈപ്പർ മാർക്കറ്റുകളും പെരുകുന്നു. ഗ്രാമങ്ങൾ നഗരങ്ങളായി മാറുന്നു. ആഡംബര വാഹനങ്ങളും ആർഭാടവസ്തുക്കളും വൻതോതിൽ വിറ്റഴിയുന്നു. ലോകസമ്പന്നരുടെ പട്ടികയിൽ ഇന്ത്യക്കാരും സ്ഥാനം പിടിക്കുന്നു.

ഇതിൽനിന്ന് തീർത്തും ഭിന്നമായ മറ്റൊരു മുഖം കൂടി നമ്മുടെ രാജ്യത്തിനുണ്ട്. തല ചായ്ക്കാൻ ഒരു കൂരയോ ആവശ്യത്തിന് ഭക്ഷണമോ വസ്ത്രമോ ഇല്ലാത്ത അനേകം കോടികളുടെ രാജ്യം കൂടിയാണ് ഇന്ത്യ. വികസനപദ്ധതികളുടെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ട് തെരുവുകളിൽ അലയുന്നവർ, വർഗീയ കലാപങ്ങളാൽ വഴിയാധാരമാക്കപ്പെടുന്നവർ, ജീവിതമാർഗം വഴിമുട്ടി ആത്മഹത്യയിലഭയം തേടുന്ന കർഷകരും കൈത്തൊഴിലുകാരും. ഇന്ത്യൻ പൗരന്മാരിൽ ഗണ്യമായൊരു വിഭാഗം ഈ കൂട്ടത്തിൽപെടുന്നു. പരമ്പരാഗത തൊഴിലുകളും വ്യവസായങ്ങളും തകർന്നുകൊണ്ടിരിക്കുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് വർധിച്ചുകൊണ്ടിരിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ അറുപതാമാണ്ടിലും സാമൂഹികനീതി യാഥാർഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹിക അസമത്വത്തിന്റെ നടുക്കുന്ന ചിത്രമാണ് സച്ചാർ കമീഷൻ റിപ്പോർട്ട് പുറത്തുകൊണ്ടുവന്നത്. പക്ഷേ, അതിന്റെ അടിസ്ഥാനത്തിൽ ആർജവമുള്ള പരിഹാര നടപടികൾ സ്വീകരിക്കാൻ ഭരണകൂടത്തിന് ധൈര്യം പോരാ. മിക്ക സംസ്ഥാനങ്ങളിലെയും ആദിവാസികൾ, ദലിതുകൾ തുടങ്ങിയ വിഭാഗങ്ങളുടെ ജീവിതത്തിൽ സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പും കാര്യമായ വ്യത്യാസങ്ങളുണ്ടായിട്ടില്ല. ജന്മിത്തം പൂർണമായും ഇല്ലാതായിട്ടില്ല. ജാതീയതയുടെ കെട്ടുപാടിൽനിന്ന് മോചനമില്ലാതെ കോടിക്കണക്കിനു മനുഷ്യർ നരകിക്കുന്നു. കീഴ്ജാതിക്കാരെ ചുട്ടുകൊല്ലലും മലം തീറ്റിക്കലും തുണിയുരിഞ്ഞ് നടുറോഡിലൂടെ നടത്തിക്കലുമില്ലാതെ ഒരു വർഷം പോലും കടന്നുപോകുന്നില്ല. ഉത്തരേന്ത്യയിൽ വലിയൊരു ജാതിക്കലാപമുണ്ടായത് അൽപം മുമ്പാണ്.

മനുഷ്യാവകാശങ്ങളുടെ കാര്യത്തിലും ഇന്ത്യ ഇനിയും ഒരുപാട് മുന്നോട്ടു പോവേണ്ടതുണ്ട്. കശ്മീരിൽ സുരക്ഷാസേന നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങളുടെ പേരിൽ അന്താരാഷ്ട്ര രംഗത്ത് ഇന്ത്യ പലതവണ വിമർശിക്കപ്പെട്ടിട്ടുണ്ട്. വിചാരണ കഴിയാത്തവരും കുറ്റം തെളിയിക്കപ്പെടാത്തവരുമായ ധാരാളം പേർ തടവറകളിൽ കഴിയുന്നു. മുംബൈ, ഗുജറാത്ത് തുടങ്ങിയ കലാപങ്ങളുടെ ഇരകൾക്ക് ഇനിയും നീതി ലഭിച്ചിട്ടില്ല. ചില കേസുകളിൽ വിചാരണയും വിധിപറയലും ശിക്ഷാനടപടികളുമെല്ലാം വളരെ കാര്യക്ഷമമായി നടക്കുമ്പോൾ ബാബരി മസ്ജിദ് കേസ് പോലുള്ളവ അനന്തമായി മുന്നോട്ടുനീങ്ങുന്നത് നീതിന്യായ സംവിധാനത്തിന്റെ വിലകെടുത്തിക്കളയുന്നുണ്ട്. അഴിമതി വ്യാപകമാണ്. അക്രമം, കൊല, കൊള്ള, വ്യഭിചാരം, മദ്യപാനം, സ്ത്രീപീഡനം, തട്ടിപ്പുകൾ തുടങ്ങിയ തിന്മകൾ ശക്തിപ്പെട്ടിട്ടേയുള്ളൂ.

കൊളോണിയലിസത്തിൽനിന്ന് നമുക്ക് എത്രത്തോളം മോചനം നേടാൻ കഴിഞ്ഞു എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. കൊളോണിയൽ രാജ്യങ്ങളോടുള്ള ഭൗതികാടിമത്തത്തിൽനിന്നു മാത്രമേ മോചനം നേടാൻ കഴിഞ്ഞുള്ളൂ; മാനസികാടിമത്തത്തിൽനിന്ന് രക്ഷപ്പെടാനായില്ല എന്ന വിമർശനം മുമ്പേയുണ്ട്. കൊളോണിയൽ സാംസ്കാരികാധിനിവേശത്തിന്റെ പിടിയിൽനിന്ന് പൂർണമായും മുക്തമാകാൻ കഴിയാത്തത് അതുകൊണ്ടാണ്. തങ്ങൾക്ക് ആവശ്യമുള്ള ഗുമസ്തരെ സൃഷ്ടിക്കാൻ ബ്രിട്ടീഷുകാർ നടപ്പാക്കിയ വിദ്യാഭ്യാസ പദ്ധതിയുടെ ആവർത്തനമോ തുടർച്ചയോ മാത്രമാണ് സ്വതന്ത്ര ഇന്ത്യയിലുമുണ്ടായത്. നാം കെട്ടുകെട്ടിച്ച കൊളോണിയൽ ശക്തികൾ പുതിയ ഭാവത്തിലും നാട്യത്തിലും വീണ്ടും തിരിച്ചുവന്ന് നമ്മുടെ നാടും സ്വത്തും കൈയടക്കിക്കൊണ്ടിരിക്കുകയാണ്. പണ്ടേ പോലെ കമ്പോളങ്ങൾ പിടിച്ചടക്കിക്കൊണ്ടായിരുന്നു തുടക്കം. ഇപ്പോഴിതാ ബഹുരാഷ്ട്ര കമ്പനികളിലൂടെയും പ്രത്യേക സാമ്പത്തിക മേഖലകളിലൂടെയും അക്ഷരാർഥത്തിൽ തന്നെ അവർ ഇന്ത്യയിൽ കോളനികൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ആഗോളീകരണ, ഉദാരീകരണ നയങ്ങൾ ഭരണകൂടത്തെ അപ്രസക്തമാക്കി ഇന്ത്യയെ മുതലാളിത്ത ഏകധ്രുവലോകത്തിന്റെ കോളനിയാക്കിക്കൊണ്ടിരിക്കുകയാണ്. ഈ അധിനിവേശത്തിനെതിരെ ഉണർന്നെണീക്കുന്നില്ലെങ്കിൽ സ്വാതന്ത്ര്യം ആഘോഷങ്ങളിൽ ഒതുങ്ങിപ്പോകുമെന്ന തിരിച്ചറിവാണ് ഇന്ത്യൻ ജനതക്കുണ്ടാവേണ്ടത്. ■